**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3380** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് താലൂക്കിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ ഭൂമി തരംമാറ്റത്തിനായി ഫോറം 5, ഫോറം 6 എന്നിവയിൽ സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് താലൂക്കിൽ ഫോറം 5-ൽ 9,532 അപേക്ഷകളും, ഫോറം 6-ൽ 11,898 അപേക്ഷകളും തീർപ്പാക്കുവാൻ ബാക്കിയുണ്ട്. |
| (ബി) | ഫോറം 5-ൽ അപേക്ഷിച്ചവർ വീണ്ടും ഫോറം 6-ൽ അപേക്ഷിക്കേണ്ടതുവഴി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോറം 5-ൽ അപേക്ഷിച്ചവർ വീണ്ടും ഫോറം 6-ൽ അപേക്ഷിക്കുമ്പോൾ ഫോറം 5 അപേക്ഷയുടെ മുൻഗണന ലഭിക്കുന്നതിനായി റെലിസ് പോർട്ടലിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | അധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ വർഷങ്ങളായി നിലവിലുള്ള സ്ഥലങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക്/ ഡാറ്റാ ബാങ്കിൽ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനുമതി ലഭിക്കാതെ കെട്ടിട നിർമ്മാണ അനുമതി നൽകാൻ പാടില്ലാത്തതും, ടി ഭൂമിയിൽ അനുമതി നൽകിയാൽ അത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 14-ാം വകുപ്പിന്റെ ലംഘനമാകുന്നതുമാണ്. എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ അധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ വർഷങ്ങളായി, അതായത് 12.8.2008-നും മുമ്പ് നിലവിലുണ്ടെങ്കിൽ അത്തരം ഭൂമി ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടുവന്നതാണോയെന്ന് പരിശോധിച്ച് അപ്രകാരം ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് ഒഴിവാക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ